**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

## വിജ്ഞാപനം

## KEAM -2024

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സ് ഒന്നാം ഘട്ട അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു

എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സ് ഒന്നാം ഘട്ട അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു

**രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ <u>ഓപ്ഷൻ കൺഫർമേഷൻ നിർബന്ധം</u> :** ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും ആവശ്യപ്പെട്ടിരുന്ന ഫീസ് ഒടുക്കുകയും ചെയ്ത വിദ്യാർത്ഥികളും, ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിർബന്ധമായും ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **Candidate Portal**-ലെ ഹോം പേജിൽ പ്രവേശിച്ച് **'confirm'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.

ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുനഃക്രമീകരിക്കുന്നതിനും/ ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനും, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സിൽ പുതിയതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **16.08.2024, 11.59PM വരെ** സൗകര്യം വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. രണ്ടാം ഘട്ടത്തിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്കും അനുബന്ധമായി ചേർത്തിട്ടുള്ള സർക്കാർ/എയ്ഡഡ് സ്വയംഭരണ/സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലേയ്ക്കും ഈ ഘട്ടത്തിൽ ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒന്നാം ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരുന്ന അർഹരായ വിദ്യാർത്ഥികൾക്കും പുതുതായി ഉൾപ്പെടുത്തിയ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കും ആർക്കിടെക്ച്ചർ കോഴ്സിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

*എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്ക് ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവരും, അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് ബാധകമായ ടോക്കൺ ഫീസ് ഒടുക്കുകയും രണ്ടാം ഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താതിരിക്കുകയും ചെയ്തവരുടെ ഒന്നാംഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും രണ്ടാംഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.*

2024 ലെ ആർക്കിടെക്ച്ചർ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി യോഗ്യത നേടി ആർക്കിടെക്ച്ചർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ/ എയ്ഡഡ്സ്വയംഭരണ/ സ്വകാര്യസ്വാശ്രയ ആർക്കിടെക്ച്ചർ കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ ഘട്ടത്തിൽ പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നവർക്ക് **29.07.2024-**ലെ വിജ്ഞാപന പ്രകാരമുള്ള ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ബാധകമായിരിക്കും.

**16.08.2024, 11.59PM വരെ** ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട താൽക്കാലിക അലോട്ട്മെന്റ്, ആർക്കിടെക്ച്ചർ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട താൽക്കാലിക അലോട്ട്മെന്റ് എന്നിവ **19.08.2024**-ന് പ്രസിദ്ധീകരിക്കുന്നതാണ്.

***കുറിപ്പ്*** *- എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്ക് ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർക്ക് ഒന്നാം ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റ് റദ്ദാകുന്നതും പുതിയ അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്ന കോളേജ്/കോഴ്സിൽ പ്രവേശനം നേടേണ്ടതുമാണ്. ആയതിനാൽ, പുതുതായി ഉൾപ്പെടുത്തിയ കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുമ്പോൾ വിദ്യാർത്ഥികൾ അതീവ ജാഗ്രത പാലിക്കേണ്ടതാണ്.*

## <u>രണ്ടാംഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ</u>

| | |
|---|---|
| **13.08.2024** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദു ചെയ്യുന്നതിനും പുതുതായിചേർത്തിട്ടുള്ള കോളേജുകളിലേക്കും/ കോഴ്സുകളിലേക്കും (ആർക്കിടെക്ചർ ഉൾപ്പെടെ) ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ആരംഭിക്കുന്നു. |
| **16.08.2024 11.59PM** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും പുതിയതായി കൂട്ടിച്ചേർത്ത ആർക്കിടെക്ച്ചർ കോഴ്സുകൾ ഉൾപ്പെടെ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |

| | |
|---|---|
| **19.08.2024** | എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലെ രണ്ടാം ഘട്ട താത്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം<br><br>ആർക്കിടെക്ചർ കോഴ്സ് ഒന്നാം ഘട്ട താത്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **20.08.2024** | എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലെ രണ്ടാം ഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം<br><br>ആർക്കിടെക്ചർ കോഴ്സ് ഒന്നാം ഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **21.08.2024 - 27.08.2024,** വൈകുന്നേരം **3.00** മണി | എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്ക് രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ബാധകമായ ഫീസ് അടച്ച് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. |
| **21.08.2024 - 24.08.2024,** വൈകുന്നേരം **3.00** മണി | ആർക്കിടെക്ച്ചർ കോഴ്സിലേയ്ക്ക് ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ബാധകമായ ഫീസ് അടച്ച് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. |

<u>**രണ്ടാം ഘട്ടത്തിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ/കോഴ്സ്& ഫീസ് ഘടന**</u>

| Sl.NO | College Code | Name of College | Courses | Fees | |
|---|---|---|---|---|---|
| | | | | 50% Government seats | |
| 1 | CIM | Mentor Academy for Design Entrepreneurship Innovation & Technology Ettapilly, Ernakulam | CL:60, CS:60, CY:30, ID:120 | Rs.50000/- p.a (25% Lower Income Group) | Tuition Fee Rs. 50000/- p.a |

| | | | | | |
|---|---|---|---|---|---|
| 2 | JIT | John Cox Memorial CSI Institute of Technology,Kannanmoola | BR:30 | Rs.50000/- p.a (25% Lower Income Group) | Tuition Fee Rs. 50000/- p.a<br>special fee 25000/- |

**ആർക്കിടെക്ചർ കോളേജുകളിലെ വാർഷിക ഫീസ് ഘടന**

<table>
<tr><th>Sl.No</th><th>Colleges</th><th colspan="2">Fees</th></tr>
<tr><td>1</td><td>Government/Aided Autonomous Engineering Colleges</td><td colspan="2">Rs. 8,650/-</td></tr>
<tr><td rowspan="3">2</td><td rowspan="3">KMCT College of Architecture Manasserry, Kozhikkode</td><td colspan="2">50% Govt.Seat</td></tr>
<tr><td>(25% Lower Income Group)</td><td>(Others 25%) Tuition Fee:</td></tr>
<tr><td>Rs. 8,650/-</td><td>Rs.8650/-</td></tr>
<tr><td rowspan="3">3</td><td rowspan="3">DC School of Architecture and Design , KINFRA Film &Video park ,sainik School P O Thiruvananthapuram & DC School of Architecture& Design, Pullikanam, Vagamon, Idukki</td><td colspan="2">75% Govt.Seat</td></tr>
<tr><td>37.5%Lower Income Group</td><td>37.5% Others</td></tr>
<tr><td>Rs.55000/-</td><td>Rs.80000 including Yearly Special Tuition Fee</td></tr>
<tr><td rowspan="3"></td><td rowspan="3">College of Architecture, Vellanad,</td><td colspan="2">50 % Govt.Seat</td></tr>
<tr><td>25 %Lower Income Group</td><td>25% Others</td></tr>
<tr><td></td><td></td></tr>
</table>

| | | | |
|---|---|---|---|
| 4 | Thiruvananthapuram | Rs.55000/- | Rs.80000 including Yearly Special Tuition Fee |
| 5 | KMEA College of Architecture, Kuzhivelipadi, Aluva, Ernakulam | 90% Government Seats | |
| | | 25 %Lower Income Group | 65% Others |
| | | Rs.81250/- | Rs.112500 |
| 6 | Colleges under Architecture College Management Association & Other Self financing Architecture Colleges & Other Colleges given Annexure III | 50% Govt.Seat | |
| | | 25%Lower Income Group | 25% Others |
| | | Rs.81,250/- | Rs.1,12,500/- including Yearly Special Tuition Fee |

## ആർക്കിടെക്ച്ചർ കോളേജുകളുടെ പട്ടിക

### I. സർക്കാർ/എയ്ഡഡ് സ്വയംഭരണആർക്കിടെക്ച്ചർ കോളേജുകൾ

| SL. No. | College Code | Name of College |
|---|---|---|
| 1 | KTE | Rajiv Gandhi Institute of Technology, Pampady, Kottayam |
| 2 | TCR | Govt. Engineering College,Thrissur |
| 3 | TVE | College of Engineering, Thiruvananthapuram |
| 4 | *TKM | T.K.M. College of Engineering, Kollam |

*Aided Autonomous

### II. ആർക്കിടെക്ച്ചർ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴുലുള്ള

**കോളേജുകൾ**

| Sl No. | College Code | Name of College |
|---|---|---|
| 1 | ALR | ABATE Institute of Architecture, Malaparamba, Perinthalmanna, Malappuram |
| 2 | BJR | Bishop Jerome Institute (School of Architecture), Fathima College Road, Kollam |
| 3 | CEN | College of Engineering and Technology, Payyannur, Kaithapram, Mathamangalam P.O, Kannur Dist, Kerala-670306. |
| 4 | DGR | DevakiAmma'sGuruvayurappan College of Architecture, Chelambra, Pulliparamba P O, Malappuram |
| 5 | EKR | Eranad Knowledge City College of Architecture, Cherukulam, Manjeri, Malappuram. |
| 6 | GIR | Global Institute of Architecture, Peradikunnu, Nakaripuram, Pathiripala, Palakkad. |
| 7 | HCA | Holy Crescent College of Architcture, South Vazhakulam, Aluva, Ernakulam |
| 8 | IER | IES College of Architecture, Chittilappilli, Thrissur |
| 9 | KTR | KMCT College of Architecture, Kalanthode, Poolakode, Kozhikkode. |
| 10 | MCR | Marian College of Architecture & Planning, Kazhakuttom, Thiruvananthapuram. |
| 11 | MER | MES College of Architecture, Nedumalakkunnu, Kizhakkumuri P.O., Kakkodi, Kozhikkode. |
| 12 | MKR | School of Architecture, Mookambika Technical Campus, Etappilly, Mannathur, Muvattupuzha, Ernakulam |
| 13 | MLR | Mangalam School of Architecture, Perumbaikad, Kottayam. |
| 14 | MRR | MES School of Architeture, Kuttippuram, Malappuram. |
| 15 | NCR | Nehru College of Architecture, Lakkidi, Palakkad |
| 16 | TER | TKM School of Architecture, Ezhukone, Kollam. |

| | | |
|---|---|---|
| 17 | TJR | Thejus College of Architecture, Vellarkad, Erumappetty P O, Thrissur |
| 18 | VVR | Vedavyasa College of Architecture, Ponnempadam P O, Karadparamba, Malappuram. |

**III . മറ്റു കോളേജുകൾ**

| Sl No. | College Code | Name of College |
|---|---|---|
| 1 | APR | APJ Abdul Kalam School of Architecture, Moovattupuzha, Ernakulam |
| 2 | ASR | AsianSchool of Architecture and Design Innovations, Vyttila, Kochi |
| 3 | AVR | Avani Institute of Design, Kalipoika, Puthiyara P O, Kozhikode |
| 4 | DCR | DC School of Architecture and Design, Pullikanam, Vagamon, Idukki |
| 5 | DSR | DC School of Architecutre and Design, KINFRA Film & Video Park, Sainik School. P.O., Kazhakoottam, Thiruvnanathapuram-695585 |
| 6 | KMR | KMEA College of Architecture, Kuzhivelipadi, Edathala, Aluva, Ernakulam |
| 7 | MTR | KMCT College of Architecture, Manassery, Kozhikkode. |
| 8 | NVR | College of Architecture, Vellanad, Thiruvananthapuram |
| 9 | SCR | SCMS School of Architecture, Pallissery, Karukutty, Ernakulam |

**പ്രത്യേക ശ്രദ്ധയ്ക്ക്:-** എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിനായും ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റിനായും ഓപ്ഷൻ കൺഫർമേഷൻഓപ്ഷൻ/ രജിസ്ട്രേഷൻനടത്തുന്ന അവസരത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളിലെ മൈനോറിറ്റിട്രസ്റ്റ് ക്വാട്ടാ/ സീറ്റുകളിലേയ്ക്ക്വിദ്യാർത്ഥികൾക്ക് പുതിയതായി ഓപ്ഷനുകൾ

നൽകാവുന്നതാണ്. ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വോട്ട സീറ്റുകളിലേക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതിന് വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചതോ പ്രസിദ്ധീകരിക്കുന്നതോ ആയ ബന്ധപ്പെട്ട കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെടുകയും ഓപ്ഷനിൽ ലഭ്യമായ ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ട സീറ്റുകളിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുകയും വേണം. പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ഓപ്ഷൻ കൺഫർമേഷൻ/രജിസ്ട്രേഷൻ പോർട്ടൽ **16.08.2024, 11.59PM** വരെ ലഭ്യമാകുന്നതാണ്. ***29.07.2024 ലെ വിജ്ഞാപന പ്രകാരം മൈനോറിറ്റി/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ടാ സീറ്റുകളിലേക്ക് ഓപ്ഷൻ നൽകിയിരുന്നവരും ഈ ഘട്ടത്തിൽ പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. മുൻ വിജ്ഞാപന പ്രകാരം നൽകിയ ഓപ്ഷനുകൾ പ്രസ്തുത കേളേജുകളിലേയ്ക്കുള്ള മൈനോറിറ്റികമ്മ്യൂണിറ്റി//ട്രസ്റ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.*** ആയതിനാൽ പ്രസ്തുത ക്വാട്ടയിലേയ്ക്ക് അലോട്ട്മെന്റ് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും പുതിയതായി ഓപ്ഷൻ നൽകേണ്ടതാണ്. അതിനാൽ, ന്യൂനപക്ഷ/കമ്മ്യൂണിറ്റി/ട്രസ്റ്റ് ക്വാട്ടയിലേക്ക് അലോട്ട്മെന്റ് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പുതിയ ഓപ്ഷൻ നൽകണം.

Signed by
Sudhir K
Date: 13-08-2024 20:35:17

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**13-08-2024**